# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2768 10.12.2014 - ൽ മറുപടിക്ക്

## കുടിവെള്ള ലഭ്യതയും മലിനീകരണവും

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ.എൻ.എ.ഖാദർ | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കുടിവെള്ള ലഭ്യത കുറഞ്ഞു വരുന്നതായുള്ള പഠനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) എങ്കിൽ ശുദ്ധമായ കുടിവെള്ളത്തിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്: | (ബി) കുടിവെള്ള ലഭ്യത വർദ്ധിപ്പിക്കുന്നതിന് ജലസ്രോതസ്സുകളുടെ പുനരുദ്ധാരണത്തിൽ ഉൾപ്പെടുത്തി കിണർ, ഗ്യാലറി, ലീഡിംഗ് ചാനൽ എന്നിവയുടെ ചെളി നീക്കം ചെയ്യുകയും ലീഡിംഗ് ചാനലിന്റെ നീളം കൂട്ടുക, ആഴം വർദ്ധിപ്പിക്കുക തുടങ്ങിയ പ്രവൃത്തികളും ചെയ്തു വരുന്നു. കൂടാതെ സംസ്ഥാന ഗവൺമെന്റ്, കേന്ദ്ര ഗവൺമെന്റ്, നബാർഡ് എന്നീ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി വിവിധ ശുദ്ധജലവിതരണ പദ്ധതികൾ സ്ഥാപിച്ച് നടപ്പിലാക്കി വരുന്നു. ജലവിതരണ പദ്ധതികളിൽ ജല ലഭ്യത ഉറപ്പുവരുത്തുന്നതിന് ആവശ്യമായ സ്ഥലങ്ങളിൽ പുഴകൾക്ക് കുറുകെ തടയണ നിർമ്മിച്ചു വരുന്നു. |
| (സി) സംസ്ഥാനത്ത് കുടിവെള്ളത്തിലെ മാലിന്യത്തിന്റെ അളവ് ദേശീയ ശരാശരിയേക്കാൾ കൂടുതലാണെന്ന പഠനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ഉണ്ട്. |

| | | | |
|---|---|---|---|
| (ഡി) | കുടിവെള്ള സ്രോതസ്സുകൾ മലിനമാക്കുന്നവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു; | (ഡി) | കുടിവെള്ള സ്രോതസ്സുകൾക്ക് സമീപം ജനങ്ങളെ ബോധവൽക്കരിക്കുന്നതിനുള്ള ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. കുടിവെള്ള പദ്ധതികളുടെ സ്രോതസ്സുകളായ കുളം, കിണർ എന്നിവ മതിൽ കെട്ടി സംരക്ഷിക്കുകയും പുഴകളിലെ ഉറവിടത്തിന്റെ പരിസരം കമ്പിവേലി കെട്ടി സംരക്ഷിക്കുകയും ചെയ്തിട്ടുണ്ട്. മലിനജലം സ്രോതസ്സുകളിൽ ഒഴുക്കിവിടുന്നത് ശ്രദ്ധയിൽപ്പെടുമ്പോൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അറിയിക്കുകയും നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു |
| (ഇ) | മലപ്പുറം ജില്ലയിലെ കുടിവെള്ള സ്രോതസ്സുകളിൽ മലിനീകരണത്തിന്റെ അളവ് കൂടി വരുന്നതായുള്ള പഠനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ